## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1628

05.12.2014 ലെ മറുപടിയ്ക്ക്

### സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നിട്ട് എത്ര മാസമായി ; ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) 18 മാസം.<br>സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക; ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശുപാർശ ചെയ്യുക, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങളിൽ നിന്നുണ്ടാവുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദേശിക്കുക, ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട്, നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവഹിക്കുക, ന്യൂനപക്ഷങ്ങ ളുമായി ബന്ധപ്പെട്ട സർക്കാർ ഏൽപിച്ചു കൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) ഈ കമ്മീഷൻ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; | (ബി) ന്യൂനപക്ഷ അവകാശ ലംഘനവും വിവേചനവും സംബന്ധിച്ച് ലഭിച്ച വിവിധ പരാതികളിൻമേൽ സമയബന്ധിതമായി തീർപ്പുകൽപിക്കുക, വിവിധ പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടികൾ സ്വീകരിക്കുകയും, |

ജില്ലകൾ തോറും യോഗങ്ങൾ സംഘടിപ്പിച്ച് ന്യൂന പക്ഷങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ ഭരണകൂടവുമായും ജില്ലാതല ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ന്യൂനപക്ഷങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും കമ്മീഷൻ നടത്തിയിട്ടുള്ളത്.

(സി) ഇതിൽ ചെയർമാൻ അടക്കം എത്ര പേർ അംഗങ്ങളായിട്ടുണ്ട്; എത്ര ജീവനക്കാരുണ്ട് ; ഇവർക്കൊക്കെ ശമ്പളയിനത്തിലും അലവൻസ് ഇനത്തിലും പ്രതിമാസം എത്ര രൂപ വേണ്ടി വരും ; വിശദാംശങ്ങൾ അറിയിക്കാമോ?

(സി) സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ചെയർമാൻ അടക്കം 3 അംഗങ്ങളാണുള്ളത്. ഡെപ്യൂട്ടേഷൻ മുഖേന ആറു ജീവനക്കാരും കരാറടിസ്ഥാനത്തിൽ അഞ്ചു ജീവനക്കാരും ഔട്ട്സോഴ്സിംഗ് മുഖേന ഒരാളും ജോലി നോക്കുന്നുണ്ട്. ഇവരുടെ ശമ്പളവും അലവൻസും ഇനത്തിൽ പ്രതിമാസം 935221 രൂപ ചെലവു വരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയർമാൻ | 1,81,600 |
| മെമ്പർ (2 പേർ) | 1,71,653 |
| മെമ്പർ സെക്രട്ടറി | 91,540 |
| രജിസ്ട്രാർ | 80122 |
| ഫിനാൻസ് ഓഫീസർ | 50,875 |
| സെക്ഷൻ ഓഫീസർ | 45134 |
| അസിസ്റ്റന്റ് (2പേർ) | 25,187 |
| ജൂനിയർ അസിസ്റ്റന്റ്(കരാർ) (2പേർ) | 18006 |
| ഓഫീസ് അറ്റന്റഡന്റ് കം ഡ്രൈവർ (കരാർ) (2 പേർ) | 16,659 |
| പി.എ ടു ചെയർമാൻ(കരാർ) | 18940 |
| പാർട്ട് ടൈം സ്വീപ്പർ(ഔട്ട് സോഴ്സ്) | 4,000 |

സെക്ഷൻ ഓഫീസർ